ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, സാംസ്ക്കാരിക പരിപാടികൾ, പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാവുന്ന നിർമ്മാണ പദ്ധതികൾ, ദേശീയ ദിനാഘോഷങ്ങൾ ആചരിക്കുക തുടങ്ങിയവയാണ് എൻ.എസ്.എസ്.-ന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ഡി) ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഇ) നൽകുന്നുണ്ട്.

(എഫ്) മദ്യത്തിനും മയക്കുമരുന്നിനും എതിരെ നിരവധി ബോധവൽക്കരണ പരിപാടികൾ കലാലയങ്ങളിലും പൊതുസ്ഥലങ്ങളിലും എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനങ്ങൾ

28 (*568) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സാജു പോൾ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) അക്കാഡമിയുടെ പഠന-ഗവേഷണ സംരംഭങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിൽ സാധ്യതയുള്ളതും കലാമൂല്യമുള്ളതുമായ സൃഷ്ടികൾക്ക് പ്രാപ്തി നൽകുന്നതുമായ വിവിധ കോഴ്സുകൾ അക്കാദമിയിൽ ആരംഭിക്കുമോ ;

(ഡി) കുട്ടികളുടെ സിനിമകൾ കൂടുതലായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധമായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക, സംസ്ഥാന സർക്കാരിനുവേണ്ടി ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയവും വിതരണവും എല്ലാ വർഷവും സംഘടിപ്പിക്കുക, ദേശീയ അന്തർദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, ദൃശ്യ-ശ്രാവ്യ ലൈബ്രറി രൂപീകരിക്കുക, ഉന്നത നിലവാരമുള്ള ചലച്ചിത്ര ടെലിവിഷൻ സംരംഭങ്ങളെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക, ഫിലിം സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുക, സിനിമ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച കോഴ്സുകളും ഗവേഷണ സൗകര്യങ്ങളും ഏർപ്പെടുത്തുക, ടൂറിംഗ് ടാക്കീസ് പരിപാടിയിലൂടെ നല്ല സിനിമകൾ പ്രചരിപ്പിക്കുക, ഫെലോഷിപ്പ്, സിനി കലാകാരന്മാർക്ക് പെൻഷനും ക്ഷേമ പദ്ധതികളും നടപ്പാക്കുക, എന്നിവയാണ് അക്കാഡമിയുടെ പ്രധാന പ്രവർത്ത മേഖലകൾ.

(ബി) മലയാള സിനിമയുടെ വിവിധ തലങ്ങളെ സ്പർശിക്കുന്ന പഠനങ്ങൾക്കായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് ഫെലോഷിപ്പുകൾ നൽകി വരുന്നു. ഓരോ വർഷവും ഇതിനായി അഞ്ച് പേരെ വീതം തെരഞ്ഞെടുക്കുന്നു. ഇതിനു പുറമേ അദ്ധ്യാപകർക്കും സ്കൂൾ കുട്ടികൾക്കും ചലച്ചിത്രാസ്വാദന കോഴ്സുകൾ പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു.

(സി) അക്കാഡമിയുടെ നേതൃത്വത്തിൽ ചെറുതും വലുതുമായ സിനിമാ പഠന കോഴ്സുകൾ നടത്തുന്നതിനായുള്ള ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) കുട്ടികളുടെ സിനിമ നിർമ്മാണത്തിനും ഉദ്ഗ്രഥനത്തിനുമായി ഉപ ദേശങ്ങൾ നൽകുന്നതിനായി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

29 (*569) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ്:
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇവിടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സുരക്ഷാ അച്ചടി യൂണിറ്റിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത് ;

(സി) ഈ യൂണിറ്റിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് എന്തൊക്കെ ആധുനിക യന്ത്രസാമഗ്രികളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തൊക്കെ വിദേശനിർമ്മിത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ;

(ഇ) ഈ യൂണിറ്റിന്റെ നിർമ്മാണത്തിനായി ആകെ എന്തു തുക ചെലവഴിച്ചു ;